"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- അഗ്രി ടൂറിസം യുണിറ്റ്- രജിസ്ട്രേഷൻ ഫീസ് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.592/2024/TSM തീയതി,തിരുവനന്തപുരം, 17-10-2024

---

പരാമർശം:-

1. 13-01-2023 ലെ സ.ഉ (കൈ) നം.02/2023/ടൂറിസം.
2. 08-02-2024 ന് ചേർന്ന കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയുടെ ആദ്യ എക്സിക്യൂട്ടീവ് യോഗത്തിന്റെ നടപടിക്കുറിപ്പ്.
3. കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 05-07-2024-ലെ KRTMS/152/2024 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാനത്തെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനു ഒരു സ്വതന്ത്ര സംവിധാനം ആവശ്യമാണ് എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(2). ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും, പ്രസ്തുത പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനും, കാർഷിക മേഖലയെ സമ്പൂർണ്ണമായി ടൂറിസവുമായി ബന്ധിപ്പിക്കുന്നതിനും, കാർഷിക ടൂറിസം പ്രാവർത്തികമാക്കിയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനുമായി കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് 'കേരള അഗ്രി ടൂറിസം നെറ്റ് വർക്ക്'.

(3). കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ ആദ്യ എക്സിക്യൂട്ടിവ് കമ്മിറ്റി യോഗത്തിൽ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ

സൊസൈറ്റിയിൽ തനത് ഫണ്ട് കണ്ടെത്തുന്നതിനുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി അഗ്രി ടൂറിസം യൂണിറ്റുകളിൽ നിന്ന് രജിസ്ട്രേഷൻ ഫീസ് കളക്ട് ചെയ്യുന്നതിന് അംഗീകാരം ലഭ്യമാകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ, അഗ്രി ടൂറിസം യൂണിറ്റുകൾക്കുള്ള രജിസ്ട്രേഷൻ ഫീസ് നിശ്ചയിച്ച് ഉത്തരവ് നൽകണമെന്ന് പരാമർശം (3) പ്രകാരം കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(4). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അഗ്രി ടൂറിസം യൂണിറ്റുകൾക്കുള്ള രജിസ്ട്രേഷൻ ഫീസ് ചുവടെ ചേർക്കും പ്രകാരം നിശ്ചയിച്ച് ഉത്തരവാകുന്നു.

| Category | Validity | Fees |
|---|---|---|
| Farm Visit/Production selling Unit | 2 Year | 250 |
| Farm Activity Center without Accommodation | 1 Year | 500 |
| Farm Stay | 2 Year | 1000 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി, പാർക്ക് വ്യൂ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
കൃഷി വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )

കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/185/2024-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 18-10-2024 10:37:58

സെക്ഷൻ ഓഫീസർ

പകർപ്പ് :

വിനോദസഞ്ചാര വകപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിനോദസഞ്ചാര വകപ്പ് സെക്രട്ടറിയുടെ പി.എ.

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.